# The Liturgical Heritage of the St. Thomas Christians of India

Varghese Pathikulangara, Bangalore/India

# മാർ തോമ്മാ നസ്രാണികളുടെ ആരാധനാപൈതൃകം

## മാർ തോമ്മാ നസ്രാണികൾ

ഇൻഡ്യയിലെ ഏററം പുരാതന ക്രൈസ്തവരാണു മാർ തോമ്മാ നസ്രാണികൾ. നസ്രായനായ ഈശോയുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനായ മാർ തോമ്മായിൽ നിന്നും ഈശോയെ നേരിട്ട് അനുഭവിച്ചറിഞ്ഞവരായതിനാൽ, ''മാർ തോമ്മാ നസ്രാണികൾ'' എന്നു വിളിക്കപ്പെടുന്നതിൽ അവർ അഭിമാനം കൊള്ളുന്നു.

ആരാധനാത്മകമായി അവർ പൗരസ്ത്യ സുറിയാനി കുടുംബാംഗങ്ങളാണ്. പൗരസ്ത്യ സുറിയാനി ആരാധനാപൈതൃകം, മിശിഹാക്കാലം ആദിശതകങ്ങളിൽതന്നെ അന്നത്തെ റോമൻ സാമ്രാജ്യത്തിനു വെളിയിൽ മുളച്ചുവളർന്ന ഏക ആരാധനാപൈതൃകമാണ്. വിശുദ്ധ ഗ്രന്ഥത്തിൻേറതായ സെമിററിക് സാംസ്കാരിക പശ്ചാത്തലത്തിൽ വളർന്നു വികസിച്ച ഒരേയൊരു ആരാധനാപൈതൃകമാണിത് എന്നതും ഇതിൻെറ വലിയൊരു പ്രത്യേകതയാണ്. ബൈബിൾ, രക്ഷയ്ക്കായുള്ള ദൈവാഹ്വാനമായും, ലിററർജി, മനുഷ്യൻ അതിനു നല്കുന്ന പ്രത്യുത്തരമായും കാണുന്ന ആധുനിക പശ്ചാത്തലത്തിൽ പൗരസ്ത്യ സുറിയാനി ആരാധനാപൈതൃകത്തിനുള്ള സ്ഥാനം അനന്യമാണ്. കാരണം, രണ്ടും ഒരേ സാംസ്കാരിക പശ്ചാത്തലത്തിൽ നടക്കുന്നു. മാത്രമല്ല, പ്രസ്തുത

ആരാധനാപൈതൃകം മാർ തോമ്മായുടെ ശ്ലൈഹിക പാരമ്പ ര്യത്തിലുള്ള എല്ലാ സഭകളുടെയും പൊതു പൈതൃക മായതിനാൽ, ശ്ലൈഹിക പിൻതുടർച്ചയുടെ അടിസ്ഥാന ഘടകമായും അതിനെ കണക്കാക്കേണ്ടിയിരിക്കുന്നു.

## ശ്ലീഹന്മാരുടെ ഉത്ഥാനാനുഭവം

ഈശോയെ ഏററം അടുത്തനുഭവിച്ചവരാണ് ശ്ലീഹ ന്മാർ; പ്രധാനപ്പെട്ട എല്ലാ മിശിഹാസംഭവങ്ങൾക്കും നേരി ട്ടു സാക്ഷ്യം വഹിച്ചവരുമാണവർ. മിശിഹാസംഭവം അതിൻെറ അത്യുച്ചിയിലെത്തുന്നത് ഈശോയുടെ ഉത്ഥാ നത്തോടുകൂടിയാണല്ലോ. അതിനാൽതന്നെ ഈശോയുടെ ഉത്ഥാനം വിശ്വാസത്തിൻെറ അടിസ്ഥാനമായിത്തീരുക യും ചെയ്തു (I *Cor* 15, 14).

സുവിശേഷ സാക്ഷ്യങ്ങൾ പരിശോധിക്കുമ്പോൾ, ശ്ലീഹന്മാരുടെ മിശിഹാനുഭവം വ്യത്യസ്ഥമായിരു ന്നെന്നു കാണാം. ഓരോ പ്രത്യേക സാഹചര്യവും ശ്ലീഹ ന്മാരിൽ ഉണർത്തിവിട്ട പ്രതികരണങ്ങൾ പരിശോധി ച്ചാൽ ഇതു വ്യക്തമാകുന്നതാണ്. അങ്ങനെയുള്ള ധാരാളം സംഭവങ്ങൾ ബൈബിളിൽ ഉണ്ടുതാനും.

## തോമ്മാശ്ലീഹായുടെ മിശിഹാനുഭവം

വിശുദ്ധ യോഹന്നാൻശ്ലീഹാ അറിയിച്ച സുവിശേഷ ത്തിലാണ് മാർ തോമ്മാശ്ലീഹായെക്കുറിച്ചുള്ള വ്യക്തമായ പ്രതിപാദനങ്ങൾ കണ്ടെത്തുന്നത്. അവ എല്ലാംതന്നെ പ്രസ്തുത സുവിശേഷധാരയുടെ മർമ്മപ്രധാനമായ ഘട്ട ങ്ങളിലാണുതാനും.

തൻെറ സ്നേഹിതനായ ലാസർ മരിച്ചുവെന്നറിഞ്ഞ പ്പോൾ ഈശോ ശിഷ്യന്മാരെ ഒരുമിച്ചുകൂട്ടി യൂദയായി ലേക്കു പോകുവാൻ ഒരുമ്പെട്ടു (*Jn* 11, 7). ശിഷ്യന്മാരാ

കട്ടെ അവിടുത്തെ വിലക്കിക്കൊണ്ടു പറഞ്ഞു : ''റബീ, യൂദന്മാർ ഇപ്പോൾതന്നെ അങ്ങയെ കല്ലെറിയാൻ നോക്കി നടക്കുകയായിരുന്നുവല്ലോ; എന്നിട്ടും അങ്ങോട്ടുതന്നെ വീണ്ടും പോവുകയാണോ ?'' (*Jn* 11, 8). അപ്പോൾ, ഈശോയുടെ ആഗ്രഹം മനസ്സിലാക്കിയ തോമ്മാശ്ലീഹാ മുന്നോട്ടു വന്ന്, കൂട്ടുകാരെ ധൈര്യപ്പെടുത്തി, ''നമുക്കും പോകാം; അവിടുത്തോടുകൂടെ മരിക്കാം'' (*Jn* 1, 16) എന്നു പറഞ്ഞു. ഈശോയോടുണ്ടായിരുന്ന വ്യക്തിപരമായ സ്നേഹബന്ധമായിരുന്നിരിക്കണം ഈ മനോധൈര്യം അദ്ദേഹത്തിനു പ്രദാനം ചെയ്തത്. ''ഒരു മനുഷ്യൻ തൻെറ സ്നേഹിതർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുന്നതിനേക്കാൾ വലുതായ സ്നേഹമില്ല'' (*Jn* 15, 13) എന്ന ഗുരുവിൻെറ ആദർശം സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയായിരുന്നു അദ്ദേഹം. ആദർശങ്ങൾക്കനുസരണം ജീവിക്കുമ്പോൾ പ്രതിബന്ധങ്ങൾ പ്രശ്നമായിരിക്കയില്ല.

ഈശോയുടെ അന്ത്യപ്രഭാഷണത്തിൻെറ ഹൃദയസ്പർശിയായ ഭാഗത്താണ് മാർ തോമ്മാശ്ലീഹാ വീണ്ടും പ്രത്യക്ഷപ്പെടുന്നത്. തൻെറ അന്ത്യയാത്രയും അതിൻെറ ഉദ്ദേശ്യവുമെല്ലാം വിവരിച്ചശേഷം അവിടുന്നു കൂട്ടിച്ചേർത്തു: ''ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടുംവന്ന് എൻെറ പക്കലേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും. ഞാൻ എവിടേയ്ക്കാണു പോകുന്നതെന്നു നിങ്ങൾ അറിയുന്നു; വഴിയും നിങ്ങൾ അറിയുന്നു'' (*Jn* 14, 3-4). ഇതുകേട്ട് ശ്ലീഹന്മാർ അന്ധാളിച്ചു നില്ക്കുമ്പോൾ, മാർ തോമ്മാ സ്വതസിദ്ധമായ സ്വാതന്ത്ര്യത്തോടും ധൈര്യത്തോടുംകൂടി ചോദിക്കുകയാണ്: ''കർത്താവേ, അങ്ങ് എങ്ങോട്ടുപോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ; പിന്നെ വഴി അറിയുവാൻ ഞങ്ങൾക്കു കഴിയുന്നതെങ്ങനെ'' (*Jn* 14, 5). ഈശോയാകട്ടെ, അപ്രകാരം ഒരു ചോദ്യം പ്രതീക്ഷിച്ചിരുന്നാലെന്നവണ്ണം മറു